പ്രവർത്തനം മുടങ്ങിക്കിടക്കുന്ന പി.ഡബ്ല്യു.യു.ഡി. റസ്റ്റ് ഹൗസുകൾ

70 (2009) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതൊക്കെ പി.ഡബ്ലി.യു.ഡി. റസ്റ്റ് ഹൗസുകളിലാണ് പണി പൂർത്തിയായിട്ടും ഫർണിച്ചറിന്റെ അഭാവംമൂലം പൂർണ്ണമായോ ഭാഗികമായോ പ്രവർത്തനം മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ പ്രസ്തുത റസ്റ്റ്ഹൗസുകളുടെ പ്രവർത്തനം പൂർണ്ണമാക്കാൻ ആവശ്യമായ ഫർണിച്ചർ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കരുനാഗപ്പള്ളി, പാലോട്, ആലത്തൂർ വടക്കാഞ്ചേരി എന്നീ റസ്റ്റ്ഹൗസുകളുടെ പ്രവർത്തനമാണ് ഭാഗികമായി തടസ്സപ്പെട്ടിരിക്കുന്നത്.

(ബി & സി) പ്രവർത്തനം പൂർണ്ണമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പി.ഡബ്ല്യു.ഡി. ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ അനക്സിന്റെ നിർമ്മാണം

71 (2010) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പാനൂർ പി.ഡബ്ല്യു.ഡി. വക ഇൻസ്പെക്ഷൻ ബംഗ്ളാവ് തികച്ചും സൗകര്യമില്ലാത്തതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടത്തിന് അനക്സ് പണിയാനുള്ള നടപടികൾ ആരംഭിക്കുകയും എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്ക് അയയ്ക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കെട്ടിടം പണി എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly